196/ext/18.

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി1-7942/2010/സിഇ/തസ്വഭവ** **തീയതി 23/06/2018**

# സർക്കുലർ

വിഷയം : തസ്വഭവ – എഞ്ചിനീയറിംഗ് വിഭാഗം – ടെണ്ടർ നൽകുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരങ്ങൾ പ്രദർശിപ്പിക്കുന്നത് – സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും, അതിനുതാഴെയുള്ള പ്രവൃത്തികൾ e-tender / manual tender മുഖേനയുമാണ് നടപ്പിലാക്കി വരുന്നത്. ഈ രീതിയിൽ ടെണ്ടർ ചെയ്യുമ്പോൾ നിയമപ്രകാരം ടെണ്ടർ വിവരം window പരസ്യമായി പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ടി പരസ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടെണ്ടറിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും പേരും, ടെണ്ടർ തുകയും, പ്രധാനപ്പെട്ട തീയതികളും അറിയാൻ സാധിക്കുന്നില്ല. തൻമൂലം കരാറുകാർക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പല പ്രവൃത്തികളുടെയും ടെണ്ടറിലെ മത്സരസ്വഭാവം കുറയ്ക്കുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ടെണ്ടർ ചെയ്യുന്നതിന് തയ്യാറാക്കിയിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ അടങ്ങിയ നോട്ടീസ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും, നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ പ്രവൃത്തികളുടെ വിവരങ്ങൾ IKM-ന് നൽകി സർക്കാരിന്റെ / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് പ്രചാരം കൂട്ടേണ്ടതാണ്.

ആയതിനാൽ എല്ലാ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളും ഇനി നടപ്പാക്കുന്ന ടെണ്ടറുകളിൽ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

P 831